# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 മാർച്ച് 18, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 356)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 1 മുതൽ 116 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 117 മുതൽ 179 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 180 മുതൽ 211 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 212 മുതൽ 356 വരെ |

## അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് കൊച്ചിയിൽ നടന്ന ത്രിദിന സെമിനാർ

1 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തെക്കുറിച്ച് കൊച്ചിയിൽ നടന്ന ത്രിദിന സെമിനാറിൽ വന്ന നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ബി) ഇതിൽ സ്വീകരിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഈ സെമിനാറിനായി ഖജനാവിൽ നിന്നും പണം ചെലവഴിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 18.03.2013–ലെ മറുപടിക്ക്

## മുഖ്യമന്ത്രിയുടെ കീഴിൽ വരുന്ന വകുപ്പുകളിലെ ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കൽ

2 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012–13 സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇനിയും നടപ്പിലാക്കാൻ കഴിയാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) 2012–13–ൽ പ്രസ്തുത ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ആയതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചുവെന്നും അവശേഷിക്കുന്ന തുക എത്രയെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പല വകുപ്പുകളും 2012–13–ലെ ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നതിൽ വലിയ വീഴ്ച വരുത്തിയതായി കരുതുന്നുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്
ഭരണ രീതിക്ക് ഐക്യരാഷ്ട്രസഭയുടെ പ്രശംസ

3 ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽ കണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽ നിന്നും പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണ രീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പ്രശംസ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് യു.എൻ.ഡി.പി യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു. വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ ഭരണ രീതി പഠന വിധേയമാക്കുവാൻ യു.എൻ.ഡി.പി തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>നയപ്രഖ്യാപനമനുസരിച്ചുള്ള പദ്ധതികളുടെയും പരിപാടികളുടെയും നിർവ്വഹണം</u>

4 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മാർച്ച് 1ന് ഗവർണർ പ്രഖ്യാപിച്ച നയമനുസരിച്ചുള്ള പദ്ധതികളുടെയും പരിപാടികളുടെയും നിർവഹണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;

(ബി) ഇതേവരെ നടപ്പാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്; വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(സി) നയപ്രഖ്യാപനമനുസരിച്ച് ഭരണാനുമതി നൽകിയിട്ടും നിർവഹണം നടന്നിട്ടില്ലാത്തവയെ കുറിച്ച് അവലോകനം നടത്തുകയുണ്ടായോ; അവ ഏതൊക്കെ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>നബാർഡ് അനുവദിച്ച തുക</u>

5 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡ്, സംസ്ഥാനത്ത് വിവിധ പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തുക മുഴുവൻ പ്രയോജനപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>ജനസമ്പർക്ക പരിപാടി</u>

6 ശ്രീ. ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ആദ്യ ഘട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിലെ പൗരന്മാർക്ക് അടിയന്തിര ആശ്വാസം നൽകുവാനും ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ഈ പരിപാടി എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പരിപാടിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാനും അതിനെ വിശകലനം ചെയ്തു കൊണ്ട് ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

7 ശ്രീ. പാലോട് രവി
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ; വിശദമാക്കുമോ;

(ബി) ഈ പരിപാടി എവിടെയൊക്കെയാണ് നടന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര പരാതികളിലാണ് ഈ പരിപാടിയിലൂടെ പരിഹാരം കണ്ടത് ; വിശദമാക്കുമോ;

(ഡി) എത്ര കോടി രൂപയുടെ ധനസഹായമാണ് സാധാരണ ജനങ്ങൾക്ക് ധനസഹായമായി അനുവദിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

ബഹുജന സമ്പർക്ക പരിപാടി

8 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി നടത്തിയ ബഹുജന സമ്പർക്ക പരിപാടിയിൽ എറണാകുളം ജില്ലയിൽ ആകെ ലഭിച്ച അപേക്ഷകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ എത്ര അപേക്ഷയിൻമേൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ബഹുജനസമ്പർക്ക പരിപാടി</u>

9 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ബഹുജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ആകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്ര എണ്ണത്തിന്മേൽ തീർപ്പ് കൽപ്പിച്ചിക്കുകയുണ്ടായി;

(സി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇനി എത്ര എണ്ണത്തിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ജനസമ്പർക്ക പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട സംഗതികളിന്മേൽ തുടർ നടപടികൾക്ക് എന്തെങ്കിലും സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ജനസമ്പര്‍ക്ക പരിപാടി</u>

10 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍കോഡ് ജില്ലയില്‍ നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പര്‍ക്ക പരിപാടിയില്‍ ലഭിച്ച പരാതികളില്‍ ഇതുവരെയായി എത്ര എണ്ണത്തില്‍ തീര്‍പ്പുകല്പിച്ചു എന്നും ഇനി എത്ര ബാക്കിയുണ്ടെന്നും അറിയിക്കാമോ;

(ബി) തീര്‍പ്പുകല്പിക്കുവാന്‍ ബാക്കിയുളളവ ഏതൊക്കെയാണെന്നും അവ നിശ്ചിത കാലാവധിക്കുളളില്‍ തീര്‍പ്പുകല്പിക്കുവാന്‍ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കെട്ടിക്കിടക്കുന്ന ഫയലുകളുടെ അവലോകനം</u>

11 ശ്രീ. ജി. സുധാകരൻ
,, സാജു പോൾ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എ സർക്കാർ ആപ്പീസുകളിൽ ഫയലുകളിൽ സമയബന്ധിതമായി തീരുമാനം ഉണ്ടാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

ബി സർക്കാരിൽ കെട്ടിക്കിടപ്പുള്ള ഫയലുകളുടെ കാര്യം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എന്ന് ഏത് തലത്തിൽ എന്ന് വ്യക്തമാക്കാമോ ;

സി സെക്രട്ടേറിയറ്റിൽ കെട്ടിക്കിടപ്പുള്ള ഫയലുകളുടെ വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാണോ ; ഒരു മാസത്തിലധികമായി പെന്റിംഗിൽ കിടക്കുന്ന ഫയലുകൾ എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിവരം ലഭ്യമാക്കാമോ ;

ഡി മന്ത്രിമാരുടെ പരിഗണനയ്ക്ക് വന്ന ഫയലുകളിൽ തീർപ്പാക്കാൻ ബാക്കി നില്പുള്ളവ എത്ര വീതമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

ഇ എത്ര മന്ത്രിസഭാതീരുമാനങ്ങൾ ഉത്തരവിലൂടെ പുറത്തിറങ്ങാൻ ബാക്കി നില്പുണ്ടെന്ന് വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്
<u>മുഖ്യമന്ത്രിയുടെ കാൾസെന്ററുകളുടെ പ്രവർത്തനങ്ങൾ</u>

12 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എ മുഖ്യമന്ത്രിയുടെ കാൾസെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

ബി ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

സി എന്തെല്ലാം സേവനങ്ങളാണ് ഈ കാൾസെന്ററുകൾ വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

ഡി ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നവർക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ഓഫീസിലെ വെബ്സൈറ്റ്

13 ശ്രീ. ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഓഫീസിന്റെ വെബ്സൈറ്റിന്റെ പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ വെബ്സൈറ്റ് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ വെബ്സൈറ്റിന് കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തടിസ്ഥാനത്തിലാണ് പുരസ്കാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കമ്പ്യൂട്ടറും ഫയൽപ്രോസസിംഗും</u>

14

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നടക്കുന്ന ഫയൽ പ്രോസസിംഗും, ഫയൽ നീക്കവും, പെറ്റീഷൻസിന്റെ സ്ഥിതിയും എം. എൽ. എ. മാർക്ക് അറിയുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നത് ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഐ. ഡി. ഇ. എ. എന്ന സോഫ്റ്റ്‌വെയറിന്റെ സേവനം എം. എൽ. എ. മാർക്കും ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഓരോ ഫയലും, പെറ്റീഷനും സെക്രട്ടേറിയറ്റിലെ വിവിധ തട്ടുകളിൽ എത്തുമ്പോൾത്തന്നെ അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഐഡിയാസ് സംവിധാനം

15 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഐഡിയാസ് സംവിധാനം വഴി സെക്രട്ടേറിയറ്റിലെ ഫയലുകളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയാൻ നിലവിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിൽ ഓൺലൈൻ സംവിധാനം</u>

16

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ ഫയൽ നീക്കങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിന് നിയമഭേദഗതി ആവശ്യമായി വരുമോ എന്നും ഏതെല്ലാം നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയിലാണ് ഭേദഗതി വരുത്തേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) ഫയൽ നീക്കം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുമ്പോൾ ഫയൽ തീർപ്പിന്റെ ഭാഗമായുണ്ടാകുന്ന ഉത്തരവുകളുടെ ഡൗൺലോഡ് ചെയ്തെടുക്കുന്ന പകർപ്പുകൾക്ക് അംഗീകാരം നൽകുന്നതിനു നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

## വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

17

ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം കാരൃക്ഷമമല്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമവ്യവസ്ഥകൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) 2012–ൽ എത്ര കേസുകളിൽ തീരുമാനം കൈക്കൊണ്ടു എന്നും കാലതാമസം ഉണ്ടെന്നു തെളിഞ്ഞ എത്ര കേസുകളിൽ പിഴ ശിക്ഷ വിധിച്ചിട്ടുണ്ടെന്നും, ആ ഇനത്തിൽ എന്തു തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

സേവനാവകാശനിയമം

18 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഫയൽ തീർപ്പുകൾ സംബന്ധിച്ചുള്ളതായ കാല വിളംബം വർഷങ്ങളായി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനു വേണ്ടി പ്രത്യേകമായി എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയവയുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഫയൽ തീർപ്പിൽ നിലനിൽക്കുന്നതായ കാലതാമസം ഒഴിവാക്കുന്നതിന് സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കി മാതൃക കാട്ടുമോ;

(ഇ) ഭരണ സിരാ കേന്ദ്രമെന്ന നിലയിൽ സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണ് നിലനിൽക്കുന്നത് എന്നത് വിശദമാക്കുമോ;

(എഫ്) എന്നത്തേക്ക് സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന വിവരം അറിയിക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സേവനാവകാശം</u>

19 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വകുപ്പുകളിലാണ് സേവനാവകാശം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സേവനാവകാശം നടപ്പിലാക്കുന്നതിന് മുമ്പ് ഈ വകുപ്പുകളിൽ നിന്നും പൊതുജനത്തിന് അർഹതപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സേവനാവകാശം നടപ്പിലാക്കുന്ന വകുപ്പുകളിലും ഭാവിയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വകുപ്പുകളിലും പൊതു ജനങ്ങൾക്ക് സമയബന്ധിതമായി നിശ്ചിത സേവനം ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>ക്യാബിനറ്റ് പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തിയ കുറിപ്പുകൾ</u>

20 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിത് വരെ ക്യാബിനറ്റിന്റെ പരിഗണനയ്ക്കായി അജണ്ടയിൽ ഉൾപ്പെടുത്തി വന്ന കുറിപ്പുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; 'ഔട്ട് ഓഫ് അജണ്ട'യിൽ പരിഗണനയ്ക്കു വന്ന കുറിപ്പുകൾ എത്ര;

(ബി) ഇവയിൽ ഒരോ ഇനത്തിലും എത്ര കുറിപ്പുകൾ വീതം തീരുമാനം എടുക്കാതെ മാറ്റിവെയ്ക്കപ്പെട്ടിട്ടുണ്ടന്ന് വെളിപ്പെടുത്താമോ; തീരുമാനം കൈക്കൊണ്ട ഇനങ്ങൾ എത്രയാണ്;

(സി) ക്യാബിനറ്റ് തീരുമാനം എടുത്ത എത്ര കേസുകളിൽ, അത് പിന്നീട് ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്;

(ഡി) ക്യാബിനറ്റ് തീരുമാനം ഗവൺമെന്റ് ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്ര; ഏതൊക്കെ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മന്ത്രിസഭാംഗങ്ങളിൽ ഒരോരുത്തരും 'ഔട്ട് ഓഫ് അജണ്ട'യായി ക്യാബിനറ്റിൽ കൊണ്ടുവന്ന നിർദ്ദേശങ്ങൾ എത്ര വീതമാണ്?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് ഹെൽപ്പ് ഡെസ്ക്/ടോൾ ഫ്രീ ഹെൽപ്പ് ലൈൻ ക്രമീകരണം</u>

21 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ വിവിധ ആവശ്യങ്ങൾക്കായെത്തുന്ന പൊതുജനങ്ങൾക്ക്, ഓഫീസുകളുടെ സങ്കീർണ്ണമായ ക്രമീകരണം മൂലം, ബന്ധപ്പെടേണ്ട സ്ഥലങ്ങളിൽ കൃത്യമായി എത്തിച്ചേരുവാൻ കഴിയാത്ത അവസ്ഥയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആയതു പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(സി) പൊതുജനങ്ങളുടെ സൗകര്യാർത്ഥം സെക്രട്ടേറിയറ്റിന്റെ പ്രവേശനഭാഗത്തോടുചേർന്ന് ഒരു ഹെൽപ്പ് ഡെസ്ക് ക്രമീകരിക്കുന്നതിനും, ടോൾ ഫ്രീ ഹെൽപ്പ് ലൈൻ സമ്പ്രദായം നടപ്പിലാക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>സെൻസസ് പ്രവർത്തനങ്ങൾ</u>

22 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ നടന്ന സെൻസസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ?

(ബി) ഇതിൽ പങ്കെടുത്ത പ്രവർത്തകർക്ക് ഓണറേറിയം കൃത്യമായി കൊടുത്തു തീർത്തിട്ടുണ്ടോ?

(സി) സൂപ്പർവൈസർമാർ, എന്യൂമറേറ്റർമാർ, കമ്പ്യൂട്ടർ അസിസ്റ്റന്റുമാർ എന്നീ വിഭാഗങ്ങളിലായി എത്രപേർക്ക് എത്ര തുക കൊടുത്തു തീർക്കാനുണ്ട്?

(ഡി) ബാക്കി തുക എത്രയും പെട്ടെന്ന് കൊടുത്ത് തീർക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>വകുപ്പ് തലവന്മാരുടെ വിയോജിപ്പ്</u>

23 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വകുപ്പ് തലവന്മാരുടെ വിയോജിപ്പ് മന്ത്രിസഭാക്കുറിപ്പിൽ രേഖപ്പെടുത്തണമെന്ന ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം നിർദ്ദേത്തിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മന്ത്രിമാരുടെ പ്രീതിപിടിച്ചു പറ്റാൻ ചട്ട വിരുദ്ധമെന്ന് ഒറ്റയടിക്ക് തോന്നുന്ന ഇപ്പോഴത്തെ പല പദ്ധതികൾക്കായുള്ള മന്ത്രിസഭാ കുറിപ്പുകളിൽ പോലും വകുപ്പ് തലവന്മാർ വിയോജിപ്പ് രേഖപ്പെടുത്താതെ പദ്ധതിയുടെ ഫയലിൽ വിയോജിപ്പ് രേഖപ്പെടുത്തുന്ന പ്രവണത കൂടുതലായി വരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ;

(സി) എങ്കിൽ ഈ പ്രവണത സർക്കാരിന് പലപ്പോഴും സങ്കീർണതകൾ നേരിടുന്നതായി കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

ഐ. എ. എസ് ഉദ്യോഗസ്ഥരും പദ്ധതികളും

24 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽനിന്നുള്ള ചില ഐ. എ. എസുകാർ സംസ്ഥാനസർക്കാരിന്റെ പല പദ്ധതികളോടും നിസ്സഹകരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഏതെങ്കിലും പദ്ധതികൾ ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ അലംഭാവംകാരണം യഥാസമയം നടത്താൻ കഴിയാതെ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) സർക്കാരിന്റെ പദ്ധതികൾ മന്ത്രിസഭാതീരുമാനങ്ങൾക്ക്മുൻപ് തങ്ങൾ വിയോജനകുറിപ്പെഴുതുമെന്ന ഐ. എ.എസ് ഉദ്യോഗസ്ഥരുടെ യോഗതീരുമാനം പത്രങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഐ. എ. എസ്/ഐ. പി. എസ്/ഐ. എഫ്. എസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ</u>

25 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാർ അഴിമതിയ്ക്കു പ്രേരിപ്പിക്കുന്നു എന്ന കാരണത്താൽ ഐ. എ. എസ്/ഐ. പി. എസ്/ഐ. എഫ്. എസ് റാങ്കിലുളള ഉദ്യോഗസ്ഥർ കേന്ദ്രസർക്കാരിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോകുകയോ അപ്രകാരം പോകുന്നതിന് അപേക്ഷ സമർപ്പിയ്ക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഐ. എ. എസ്/ഐ. പി. എസ്/ഐ. എഫ്. എസ് ഉദ്യോഗസ്ഥർ കേന്ദ്ര സർവ്വീസിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദാംശം നൽകുമോ;

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ഐ. എഫ്. എസ്. ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ</u>

26

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കേഡറിലുള്ള ഐ. എഫ്. എസ്. ഉദ്യോഗസ്ഥൻമാരിൽ ആരെങ്കിലും കേരളത്തിനുവെളിയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ടോ ; എങ്കിൽ അവരുടെ പേരുകളും, ഇപ്പോൾ ജോലിചെയ്യുന്ന സ്ഥലവും തസ്തികയും വ്യക്തമാക്കാമോ ;

(ബി) ഐ. എഫ്. എസ്. കേരള കേഡറിൽ 'ശ്രീ. സർവ്വൻ കുമാർ വർദ്ധ' എന്ന പേരിൽ ആരെങ്കിലും ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇദ്ദേഹം എവിടെയാണ് ജോലി ചെയ്യുന്നത് ;

(ഡി) പ്രസ്തുത വ്യക്തി കേരളത്തിനുവെളിയിലാണോ ജോലി ചെയ്യുന്നത്; എങ്കിൽ ഏത് വ്യവസ്ഥയിൽ; ഏത് പോസ്റ്റിൽ ജോലി ചെയ്യുന്നു; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണെങ്കിൽ എന്നു മുതൽ എന്നുവരെ, ടിയാന്റെ ഡെപ്യൂട്ടേഷൻ കാലാവധി നീട്ടി നൽകിയിട്ടുണ്ട് ; കാലാവധി എന്നവസാനിക്കും; വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വീടുകളും സൗകര്യങ്ങളും</u>

27 ശ്രീ.കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ മൊത്തം എത്ര വീടുകൾ നിലവിൽ ഉണ്ടെന്ന് വിശദമാക്കാമോ; ഇതിൽ ഗ്രാമപ്രദേശങ്ങളിൽ ഉള്ളവ എത്ര; നഗരപ്രദേശങ്ങളിൽ ഉള്ളവ എത്ര; ഇതിൽ ഒറ്റമുറി വീടുകൾ എത്ര; ഒന്നിൽ കൂടുതൽ മുറികൾ ഉള്ളവ എത്ര;

(ബി) ഇതിൽ ശുദ്ധീകരിച്ച വെള്ളം ടാപ്പ് വഴി ശേഖരിച്ച് ഉപയോഗിക്കുന്ന വീടുകൾ എത്ര; കക്കൂസ് ഇല്ലാത്തവ എത്ര; പാചകത്തിനു വിറക് മാത്രം ആശ്രയിക്കുന്നവർ എത്ര; ഗ്യാസ് കണക്ഷനുള്ളവർ എത്ര; ടെലിവിഷൻ ഇല്ലാത്തവർ എത്ര; കംപ്യൂട്ടർ നെറ്റ് സഹിതം ഉള്ളവർ എത്ര;

(സി) മൊബൈൽ ഫോൺ ഉള്ളവർ എത്ര; ലാന്റ് ഫോൺ ഇല്ലാത്ത വീടുകൾ എത്ര; ജീപ്പ്, വാൻ, കാറുകൾ ഉള്ളവർ എത്ര; ബാങ്കിങ് സേവനം ഉപയോഗിക്കുന്ന വീടുകൾ എത്ര; റേഷൻ കാർഡ് ഉള്ള വീടുകൾ എത്ര; വൈദ്യുതി കണക്ഷൻ ലഭ്യമായ വീടുകൾ എത്ര?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച</u>

28 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ മുഖ്യമന്ത്രി സന്ദർശിച്ചത് എപ്പോഴായിരുന്നു;

(ബി) ഇപ്പോൾ മുഖ്യമന്ത്രിയായതിനുശേഷം എത്ര തവണ പ്രധാനമന്ത്രിയെ ഡൽഹിയിൽ സന്ദർശിക്കുകയുണ്ടായി;

(സി) ഓരോ ഔദ്യോഗികസന്ദർശനവേളയിലും സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി;

(ഡി) ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ ഓരോ ഘട്ടത്തിലും ഉറപ്പു ലഭിക്കുകയുണ്ടായി;

(ഇ) പ്രധാനമന്ത്രി മുഖ്യമന്ത്രിക്കു നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നു; നടപ്പാക്കിയ ഉറപ്പുകൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

കേന്ദ്രമന്ത്രിമാരുമായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ കൂടിക്കാഴ്ച

29 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈയിടെ ഡൽഹിയിൽ കേന്ദ്രമന്ത്രിമാരെ കാണാൻ പോയ സംഘത്തിൽ മുഖ്യമന്ത്രിക്കൊപ്പം ഏതെല്ലാം മന്ത്രിമാരാണ് ഉണ്ടായിരുന്നത്;

(ബി) എത്ര കേന്ദ്രമന്ത്രിമാരെയാണ് നേരിൽ കണ്ട് മന്ത്രിതല സംഘം ചർച്ച നടത്തിയത്;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം സഹായങ്ങളാണ് കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടുള്ളത്;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് പുതുതായി സഹായം ലഭ്യമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

കേന്ദ്രമന്ത്രിമാരുമായി മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും കൂടിക്കാഴ്ച

30 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റിലെ അവഗണനയെത്തുടർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽപ്പോയി കേന്ദ്രമന്ത്രിമാരെക്കണ്ടു ചർച്ച നടത്തിയ ഉന്നതതലസംഘത്തിൽ ആരെല്ലാം ഉണ്ടായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രമന്ത്രിമാരുമായി നേരിൽ ചർച്ച നടത്തുകയുണ്ടായി; ഓരോ ചർച്ചയിലും സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം കാര്യങ്ങൾ ഉന്നയിക്കപ്പെട്ടു; പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(സി) 2011 സെപ്തംബർ 22, 23 തീയതികളിൽ വിവിധ മന്ത്രിമാരുമായി നടത്തിയ ചർച്ചയിലെ പ്രമുഖതീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവയെ സംബന്ധിച്ചും ഇപ്പോഴത്തെ ഘട്ടത്തിൽ ചർച്ച ചെയ്യുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി കേന്ദ്രമന്ത്രിമാരുമായി നടത്തിയ ചര്‍ച്ചയിലെ തീരുമാനങ്ങള്‍</u>

31 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011 സെപ്തംബര്‍ 22, 23 തീയതികളില്‍ വിവിധ കേന്ദ്ര മന്ത്രിമാരുമായി ന്യൂഡല്‍ഹിയില്‍ മുഖ്യമന്ത്രി നടത്തിയ ചര്‍ച്ചകളിലെ പ്രധാന തീരുമാനങ്ങള്‍ എന്തെല്ലാമായിരുന്നു;

(ബി) ഓരോ കേന്ദ്രമന്ത്രിമാരുമായും നടത്തിയ ചര്‍ച്ചയിലെ പ്രധാന തീരുമാനങ്ങള്‍ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇവയില്‍ ഇതിനകം നടപ്പിലാക്കിയത് ഏതെല്ലാമാണെന്ന് വകുപ്പടിസ്ഥാനത്തില്‍ വെളിപ്പെടുത്താമോ; നടപ്പാക്കാന്‍ അവശേഷിക്കുന്ന തീരുമാനങ്ങള്‍ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര മന്ത്രിമാരുൾപ്പെടെയുള്ള പാർലമെന്റംഗങ്ങൾ പങ്കെടുത്ത യോഗങ്ങൾ</u>

32 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തെ എം.പി മാരുടെ എത്ര യോഗങ്ങൾ, ഏതെല്ലാം തീയതികളിലായി സർക്കാർ വിളിച്ച് ചേർക്കുകയുണ്ടായി;

(ബി) എത്ര യോഗങ്ങളിൽ കേരളത്തിൽ നിന്നുള്ള ഏതെല്ലാം കേന്ദ്ര മന്ത്രിമാർ പങ്കെടുക്കുകയുണ്ടായില്ല; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പ്രതിരോധവകുപ്പ് മന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച</u>

33 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, കേന്ദ്ര പ്രതിരോധവകുപ്പു മന്ത്രിയെ ഡൽഹിയിൽ എത്രതവണ സന്ദർശിച്ചു; ഇതിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായുള്ളവ എത്ര;

(ബി) സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ സന്ദർശനവേളയിൽ ഉന്നയിക്കുകയുണ്ടായി; ഉന്നയിക്കപ്പെട്ട ഏതെല്ലാം ആവശ്യങ്ങളിൽ അദ്ദേഹത്തിന്റെ പ്രത്യേക ഇടപെടൽമൂലം സംസ്ഥാനത്തിനു നേട്ടമുണ്ടായി; വ്യക്തമാക്കാമോ;

(സി) പ്രതിരോധ വകുപ്പിൽനിന്നുമുള്ള എന്തെല്ലാം പുതിയ ആവശ്യങ്ങൾ മുഖ്യമന്ത്രി ഉന്നയിക്കുകയുണ്ടായി; അവയിൽ അംഗീകരിച്ച് നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിതല സംഘത്തിന്റെ ഡെൽഹി സന്ദർശനം</u>

34 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ റെയിൽ, പൊതുബജറ്റുകളിൽ സംസ്ഥാനത്തെ അവഗണിച്ചതിനെതിരെ ഡൽഹി സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രി തല സംഘം പ്രധാനമന്ത്രിയേയും, യു.പി.എ. ചെയർപേഴ്സനെയും സന്ദർശിച്ച് നിവേദനം നൽകിയിരുന്നോ;

(ബി) ഏതെല്ലാം കേന്ദ്രമന്ത്രിമാരെയാണ് സംഘം നേരിട്ട് സന്ദർശിച്ച് നിവേദനം നൽകിയത്;

(സി) ഓരോ കേന്ദ്രമന്ത്രിമാരിൽ നിന്നും എന്തെല്ലാം ഉറപ്പുകളാണ് ലഭിച്ചത്, വ്യക്തമാക്കുമോ;

(ഡി) കേന്ദ്രഗവൺമെന്റിന്റെ അവഗണനക്കെതിരെ സർവ്വകക്ഷി സംഘത്തെ കൂട്ടാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) കേന്ദ്രമന്ത്രിമാരെ സംഘം സന്ദർശിച്ചപ്പോൾ സംസ്ഥാനത്തു നിന്നുള്ള എം.പി.മാരുടെ പ്രതിനിധികളെ കൂട്ടിയിരുന്നോ; എങ്കിൽ ആരൊക്കെയാണ് ഒപ്പം ഉണ്ടായിരുന്നത്; പ്രതിപക്ഷ എം. പി. മാരെ ഈ സന്ദർശനത്തിന് ക്ഷണിച്ചിരുന്നോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ ഡൽഹി സന്ദർശനം</u>

35 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും, മന്ത്രിമാരും മാർച്ച് 4,5 തീയതികളിൽ ഡൽഹിയിൽ പോയി ഏതൊക്കെ കേന്ദ്രമന്ത്രിമാരെ കണ്ടു;

(ബി) എന്തൊക്കെ ആവശ്യങ്ങൾ നേടിയെടുക്കാനാണ് ഡൽഹിയിലേക്ക് പോയത്; ആയതിൽ എന്തൊക്കെ ആവശ്യങ്ങൾ നേടിയെടുക്കുവാൻ സാധിച്ചു; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ മന്ത്രിമാർ മുഖ്യമന്ത്രിയെ അനുഗമിച്ചു; പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് എന്ത് തുക സംസ്ഥാന ഖജനാവിൽ നിന്നും മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിമാരും ചെലവഴിച്ചു;

(ഡി) ഡൽഹി യാത്രയിൽ പ്രധാനമന്ത്രിയെ കാണാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ഡൽഹി സന്ദർശനം

36 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി എത്രതവണ ഡൽഹി സന്ദർശിക്കുകയുണ്ടായി; ഇതിൽ ഔദ്യോഗികകാര്യങ്ങൾക്ക് മാത്രമായുള്ള സന്ദർശനങ്ങൾ എത്രയായിരുന്നു;

(ബി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ കേരളത്തിൽനിന്നുള്ള മന്ത്രിമാരെ വിളിച്ച് ചേർത്ത് നടത്തിയ യോഗങ്ങൾ എത്ര; എം. പിമാരെയും കേരളത്തിൽനിന്നുള്ള മന്ത്രിമാരെയും വിളിച്ച് ന്യൂഡൽഹിയിൽ നടത്തിയ യോഗങ്ങൾ എത്ര;

(സി) മുഖ്യമന്ത്രി ഡൽഹിയിലും, കേരളത്തിലും വിളിച്ച് ചേർത്ത എത്ര യോഗങ്ങളിൽ കേരളത്തിൽ നിന്നുള്ള ഏതെല്ലാം മന്ത്രിമാർ പങ്കെടുക്കുകയുണ്ടായില്ല എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

കേന്ദ്ര ബഡ്ജറ്റും, സംസ്ഥാനത്തിന്റെ ആവശ്യങ്ങളും

37

ശ്രീ. ഇ. പി. ജയരാജന്‍
,, എ. പ്രദീപ്കുമാര്‍
ഡോ. കെ. ടി. ജലീല്‍
ശ്രീ. എ. എം. ആരീഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര പൊതുബജറ്റില്‍ പരിഗണിക്കാനായി സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങള്‍ മുന്നോട്ടുവയ്ക്കുകയുണ്ടായി; ഇവയില്‍ പരിഗണിക്കപ്പെട്ടവ ഏതൊക്കെയാണ്; പരിഗണിക്കപ്പെടാതെ പോയവ ഏതൊക്കെയാണ്;

(ബി) ബജറ്റ് അവതരണത്തിന് മുന്നോടിയായി മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ പ്രമുഖമായ ആവശ്യങ്ങള്‍ നിവേദനത്തിലൂടെ സമര്‍പ്പിക്കുകയുണ്ടായോ; എങ്കില്‍ എപ്പോള്‍; നിവേദനത്തിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) ആവശ്യങ്ങള്‍ നേടിയെടുക്കുന്നതിനായി ബഡ്ജറ്റിനു മുന്‍പ് മുഖ്യമന്ത്രി ആരെല്ലാമായി നേരില്‍ കണ്ട് ചര്‍ച്ച നടത്തുകയുണ്ടായി; ഈ രംഗത്ത് സംസ്ഥാനത്തു നിന്നുള്ള എം.പി.മാരെ ഏകോപിപ്പിക്കുവാന്‍ ശ്രമിക്കുകയുണ്ടായോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കേന്ദ്രബഡ്ജറ്റിൽ പരിഗണിക്കപ്പെടാത്ത ആവശ്യങ്ങൾ</u>

38 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റിനുശേഷം മുഖ്യമന്ത്രി ഏതെല്ലാം കേന്ദ്രമന്ത്രിമാരെ നേരിൽക്കണ്ട്, ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയ കേരളത്തിന്റെ ആവശ്യങ്ങൾ വീണ്ടും ഉന്നയിക്കുകയുണ്ടായി;

(ബി) എന്തെല്ലാം കാര്യങ്ങളിൽ ഏതെല്ലാം മന്ത്രിമാരിൽ നിന്നു പുതിയ ഉറപ്പുകൾ ലഭിക്കുകയുണ്ടായി; വിശദമാക്കുമോ;

(സി) ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ കേരളം ഉന്നയിച്ച 20 ആവശ്യങ്ങളിൽ, ബഡ്ജറ്റിൽ പരിഗണിക്കപ്പെടാതെ പോയവയിൽ ഏതെങ്കിലും മുഖ്യമന്ത്രി വീണ്ടും ആവശ്യപ്പെടുകയും, അനുവദിക്കാമെന്ന ഉറപ്പു ലഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ബഡ്ജറ്റും സംസ്ഥാനത്തിന്റെ ആവശ്യങ്ങളും</u>

39 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുബഡ്ജറ്റിൽ പരിഗണനയ്ക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം ആവശ്യങ്ങൾ മുന്നോട്ടു വയ്ക്കുകയുണ്ടായി ;

(ബി) ഈ ആവശ്യങ്ങൾ പരിഗണിക്കാനായി കേന്ദ്ര ധനകാര്യ മന്ത്രാലയവുമായി ചർച്ച നടത്തുകയുണ്ടായോ ; ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പൊതുബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം ;

(ഡി) മുൻബഡ്ജറ്റുകളിൽ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികളും പരിപാടികളും ഇപ്പോഴും നടപ്പാക്കാൻ ബാക്കി നിൽപ്പുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

റെയിൽ ധനകാര്യ ബഡ്ജറ്റുകൾ അവതരിപ്പിച്ചതിനു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ ഡൽഹി യാത്ര

40

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാർലമെന്റിൽ റെയിൽവേ ബഡ്ജറ്റും ധനകാര്യ ബഡ്ജറ്റും അവതരിപ്പിച്ചതിനു ശേഷം കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയ സംഘത്തിൽ എത്ര മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഉണ്ടായിരുന്നു;

(ബി) പ്രസ്തുത സന്ദർശനത്തിന് മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങി എല്ലാവർക്കുമായി യാത്രാപ്പടി, ഡി.എ., വിമാന യാത്രാക്കൂലി, അക്കോമഡേഷൻ തുടങ്ങി എന്തെല്ലാം ഇനത്തിൽ എന്തു തുക സംസ്ഥാന ഖജനാവിൽ നിന്നും ചെലവാകുമെന്ന് വെളിപ്പെടുത്തുമോ;

(സി) സംഘത്തിന്റെ പ്രസ്തുത യാത്രയ്ക്കു ശേഷം സംസ്ഥാനത്തിന് ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് പുതുതായി പാർലമെന്റിൽ പ്രഖ്യാപിക്കപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

**കേന്ദ്ര റയിൽ - ബഡ്ജറ്റിനു മുന്നോടിയായി സമർപ്പിച്ച പ്രോജക്ടുകൾ**

41 **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള കേന്ദ്ര റെയിൽ ബജറ്റിനു മുന്നോടിയായി എന്തെല്ലാം പ്രോജക്ടുകളാണ് സമർപ്പിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ റെയിൽ ബജറ്റ് വിഹിതം എത്ര കോടി രൂപ വീതമായിരുന്നുവെന്ന് വാർഷികമായി വെവ്വേറെ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

റയിൽവേ വികസനവുമായി ബന്ധപ്പെട്ട എം.പി.മാരുടെ യോഗം

42 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റയിൽവേ വികസന ആവശ്യങ്ങൾ കേന്ദ്ര റയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്ക് റയിൽവേ ബഡ്ജറ്റിന്റെ മുന്നോടിയായി ഗവൺമെന്റ് വിളിച്ചു ചേർത്ത എം.പി. മാരുടെ യോഗത്തിൽ സംസ്ഥാനത്തു നിന്നുള്ള എത്ര കേന്ദ്ര മന്ത്രിമാർ പങ്കെടുത്തിട്ടുണ്ടായിരുന്നു ; അവർ ആരൊക്കെ ;

(ബി) യോഗത്തിൽ പങ്കെടുക്കാതിരുന്ന സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാർ ആരൊക്കെയായിരുന്നു;

(സി) കേന്ദ്ര റയിൽവേ ബഡ്ജറ്റിന്റെ എത്ര ദിവസം മുൻപ് ഏത് തീയതിയിലായിരുന്നു എം. പി. മാരുടെ യോഗം മുഖ്യമന്ത്രി വിളിച്ച് ചേർത്തിരുന്നത് ; യോഗത്തിൽ പങ്കെടുക്കാതിരുന്ന സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാരിൽ ആരൊക്കെയാണ് ആ ദിവസം സംസ്ഥാനത്ത് പര്യടനപരിപാടികളിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ വിദേശയാത്രകൾ</u>

43 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശ യാത്രകൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ മന്ത്രിയും ചീഫ്‌വിപ്പും വിവിധ ഘട്ടങ്ങളിലായി നടത്തിയ ആദ്യാവസാനം വരെയുള്ള യാത്രാ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും വിദേശയാത്രാ പരിപാടിയിൽ ഏതെങ്കിലും മന്ത്രി യാത്രാവേളയിൽ മാറ്റം വരുത്തിക്കൊണ്ട് മറ്റേതെങ്കിലും സ്ഥലം കൂടി സന്ദർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ വിദേശയാത്ര</u>

44 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്വിപ്പ് എന്നിവരിൽ ആരെല്ലാം നടത്തിയ ഏതെല്ലാം വിദേശയാത്രകളുടെ കണക്കുകൾ നാളിതുവരെ സെറ്റിൽ ചെയ്യുകയുണ്ടായിട്ടില്ലെന്ന് വെളിപ്പെടുത്താമോ ;

(ബി) വിദേശയാത്രയ്ക്ക് അഡ്വാൻസ് വാങ്ങിയ തുകയിൽ ബാലൻസ് തിരിച്ചടച്ചിട്ടില്ലാത്ത ആരെങ്കിലും ഉണ്ടോ ; എങ്കിൽ ആരൊക്കെ എത്ര തുക വീതം തിരികെ നല്കേണ്ടതായിട്ടുണ്ട് ;

(സി) ഓരോ യാത്രയിലും ഓരോ മന്ത്രിമാരും എത്ര മാത്രം ഇന്ത്യൻ രൂപയ്ക്കുള്ള ഡോളർ വാങ്ങുകയുണ്ടായി ; അതിൽ ഓരോ യാത്രാവേളയിലും ചെലവഴിക്കപ്പെട്ട ഡോളറുകൾ എത്ര ;

(ഡി) നാളിതുവരെ ഓരോ മന്ത്രിയ്ക്കും ഗവൺമെന്റ് ചീഫ് വിപ്പിനും വിദേശയാത്ര നടത്തിയ ഇനത്തിൽ ഖജനാവിൽ നിന്നും ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശയാത്രകൾ</u>

45 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ കൈപ്പറ്റിയ ശമ്പളം, അലവൻസ്, യാത്രാപ്പടി തുക എത്രയെന്ന് ഓരോരുത്തരുടേയും വിശദാംശം നൽകാമോ?

(ബി) ഫോൺ ചാർജ്ജ്, വൈദ്യുതി ചാർജ് എന്നീ ഇനത്തിൽ ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം നൽകാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ യാത്ര നടത്തിയ മന്ത്രിമാർ ആരെല്ലാം? ഉദ്യോഗസ്ഥർ ആരെല്ലാം; ഔദ്യോഗികയാത്ര ഏതെല്ലാം, വ്യക്തിപരമായ യാത്രകൾ ഏതെല്ലാം;

(ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർക്ക് സർക്കാർ അനുവദിച്ച ജീവനക്കാർ എത്ര; ഓരോരുത്തരുടേയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ഇ) ഓരോ വകുപ്പ് മന്ത്രിയുടെയും സ്റ്റാഫംഗങ്ങളുടെയും നാളിതുവരെയുള്ള ആകെ ശമ്പളം, അലവൻസ്, ടി.എ. എന്നിവ പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ:ചീഫ് വിപ്പ് എന്നിവരുടെ വിദേശയാത്ര

46 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ.ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം ഏതെല്ലാം വിദേശരാജ്യങ്ങളിൽ ഔദ്യോഗികവും അനൗദ്യോഗികവുമായ പര്യടനം നടത്തുകയുണ്ടായി;

(ബി) ഇതിൽ വിദേശത്തുള്ള ഏതെങ്കിലും സംഘടനകളുടേയോ, സ്ഥാപനങ്ങളുടേയോ ക്ഷണം സ്വീകരിച്ചുകൊണ്ട് നടത്തിയ വിദേശയാത്രകൾ ഏതെല്ലാമായിരുന്നു;

(സി) സർക്കാർ ചെലവിൽ നടത്തപ്പെട്ട വിദേശയാത്രകളിൽ ആദ്യം നിശ്ചയിക്കപ്പെട്ട യാത്രാപരിപാടിയിൽ പിന്നീട് മാറ്റം വരുത്തി, യാത്ര ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മന്ത്രിമാർ/ചീഫ് വിപ്പ് ഏതെല്ലാം യാത്രവേളയിൽ ഏന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്തി യാത്ര ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ഡി) ഔദ്യോഗികയാത്രാവേളയിൽ സ്വകാര്യ യാത്ര കൂടി നടത്തിയ മന്ത്രിമാർ ആരൊക്കെ; അതിൽ സർക്കാർ ചെലവ് വഹിച്ച യാത്രകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവരുടെ വിദേശ പര്യടനം</u>

47 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രി, മന്ത്രിമാർ, ഗവ. ചീഫ് വിപ്പ് എന്നിവരിൽ ആരെല്ലാം എത്ര തവണ വിദേശ പര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഔദ്യോഗിക പര്യടനങ്ങൾ ഏതൊക്കെ? സ്വകാര്യ പര്യടനങ്ങൾ ഏതൊക്കെ;

(സി) വിദേശപര്യടനത്തിനുമുമ്പ് വാങ്ങിയിരിക്കേണ്ടുന്ന പൊളിറ്റിക്കൽ ക്ലിയറൻസ് ഉൾപ്പെടെ അനുമതി ഇല്ലാതെ ഏതെങ്കിലും മന്ത്രിയോ ഗവ. ചീഫ് വിപ്പോ വിദേശ യാത്ര നടത്തിയിട്ടുണ്ടായിരുന്നുവോ, അവർ ആരൊക്കെ, സന്ദർശിച്ച രാജ്യങ്ങൾ ഏതൊക്കെ;

(ഡി) ഓരോരുത്തരും ഏതെല്ലാം തീയതികളിൽ ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി? എന്തെല്ലാം ഔദ്യോഗിക ആവശ്യങ്ങൾക്കായിരുന്നു ഓരോ യാത്രയും; ഓരോ യാത്രയ്ക്കും ഖജനാവിൽ നിന്നും എന്തു തുക വീതം ഓരോരുത്തർക്കും ചെലവായി; എത്ര ഡോളർ വീതം ഓരോ യാത്രയിലും ചെലവഴിച്ചു; യാത്രാ ഇനത്തിൽ കൈപ്പറ്റിയ തുക ഇപ്പോഴും തിരിച്ചടച്ചിട്ടില്ലാത്തവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ വിദേശരാജ്യസന്ദർശനം</u>

48 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മന്ത്രിമാരും ചീഫ് വിപ്പും എത്ര തവണ വിദേശരാജ്യങ്ങൾ സന്ദർശനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോരുത്തരുടേയും യാത്രയ്ക്കായി ചെലവായ തുകയുടെ വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ ഡൽഹി യാത്രകൾ

49 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്ര സർക്കാരിൽ നിന്ന് വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും എത്ര തവണ ഔദ്യോഗികമായി ഡൽഹിയാത്ര നടത്തിയിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) ഈ ഇനത്തിൽ സംസ്ഥാന ഖജനാവിൽ നിന്ന് എത്ര തുക ചെലവായിട്ടുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

ഡൽഹി യാത്ര

50 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എത്ര തവണ അഞ്ചിലേറെ മന്ത്രിമാരുടെ സംഘം ഡൽഹി സന്ദർശിച്ചിട്ടുണ്ട്;

(ബി) ഓരോ യാത്രയിലും എത്ര മന്ത്രിമാർ വീതം മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു;

(സി) ഓരോ യാത്രയ്ക്കും എത്ര രൂപ വീതം ഖജനാവിൽ നിന്നും ചെലവായി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

**മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുടെ പേഴ്സണൽ സ്റ്റാഫിൽ നിന്നും ഒഴിവാക്കപ്പെട്ടവർ**

51

## ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഏതെങ്കിലും സ്റ്റാഫിനെ ഏതെങ്കിലും മന്ത്രി ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം സ്റ്റാഫ് അംഗങ്ങളെ ഏതെല്ലാം തീയതികളിൽ സ്റ്റാഫിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ തുടരവെ സ്വയം തീരുമാനിച്ച് രാജിവച്ച് പോയവർ എത്ര; മന്ത്രിമാർ ഒഴിവാക്കിയവർ എത്ര;

(ഡി) ഇവർ ഓരോരുത്തരും രാജിവച്ച് പോകാനോ, ഒഴിവാക്കപ്പെടാനോ ഇടയായ കാരണങ്ങൾ എന്തായിരുന്നു; വെളിപ്പെടുത്തുമോ;

(ഇ) മന്ത്രിമാരുടെയോ, ഗവൺമെന്റ് ചീഫ് വിപ്പിന്റെയോ പേഴ്സണൽ സ്റ്റാഫിൽ നിന്നും രാജിവച്ച് പോയവരിൽ സർവ്വീസിൽ നിന്നുള്ളവർ ആരൊക്കെയായിരുന്നു; നേരിട്ട് നിയമനം ലഭിച്ചവർ ആരൊക്കെയായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മന്ത്രിമാര്‍, ചീഫ് വിപ്പ് എന്നിവര്‍ക്കുവേണ്ടി വാങ്ങിയ വാഹനങ്ങളുടെവിശദാംശങ്ങള്‍</u>

52 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

എ ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം മന്ത്രിമാര്‍ക്കും ചീഫ് വിപ്പിനുംവേണ്ടി എത്ര വാഹനങ്ങള്‍ വാങ്ങിയെന്ന് വ്യക്തമാക്കാമോ ;

ബി പ്രസ്തുത വാഹനങ്ങള്‍ക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോവാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ചീഫ് വിപ്പിന്റെ അധികാരപരിധി</u>

53 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ചീഫ് വിപ്പിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇപ്പോഴത്തെ ചീഫ് വിപ്പിനും, അദ്ദേഹത്തിന് സർക്കാർ നൽകിയ സൗകര്യങ്ങൾക്കെല്ലാമായി പ്രതിമാസം എന്തു തുക ഖജനാവിൽനിന്നും ചെലവഴിക്കുന്നുണ്ട്;

(സി) പേഴ്സണൽ സ്റ്റാഫ്, ഔദ്യോഗികവസതി, ഫോണുകൾ, ശമ്പളം, ടി.എ. ഡി.എ, തേയില സൽക്കാരം തുടങ്ങി എന്തെല്ലാം ഇനത്തിൽ എന്ത് തുക നാളിതുവരെ ഗവൺമെന്റ് ചീഫ് വിപ്പിനുവേണ്ടി ഖജനാവിൽനിന്നും ചെലവഴിക്കപ്പെട്ടു; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സർക്കാരിന്റെ ഭാഗമായി നിയമസഭയ്ക്ക് പുറത്ത് ഗവൺമെന്റ് ചീഫ് വിപ്പ് എന്തെല്ലാം കൃത്യനിർവ്വഹണങ്ങളിൽ ഏർപ്പെടേണ്ടതായിട്ടുണ്ട്; ബഹു. മുഖ്യമന്ത്രി പ്രത്യേകമായി എന്തെങ്കിലും ചുമതല മന്ത്രിപദവിയിലുള്ള ഗവ.ചീഫ് വിപ്പിനു നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ ഗവ. ചീഫ് വിപ്പ് നടത്തിയ വാർത്താ സമ്മേളനം</u>

54 ശ്രീ. പി. കെ. ഗുരുദാസൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭയിലെ ഒരു അംഗത്തിനെതിരെ കാബിനറ്റ് പദവിയിലുള്ള ഗവണ്മെന്റ് ചീഫ് വിപ്പ് വാർത്താസമ്മേളനം നടത്തി ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔദ്യോഗികവസതിയിൽ കയറി ഒരു മന്ത്രിയെ മർദ്ദിച്ചുവെന്ന ഗവണ്മെന്റ് ചീഫ് വിപ്പിന്റെ പരാതിയിൽ ഏതു മന്ത്രിയെ ആരു മർദ്ദിച്ചുവെന്ന് അന്വേഷിക്കുകയുണ്ടായോ;

(സി) ഗവണ്മെന്റ് ചീഫ് വിപ്പിന്റെ വെളിപ്പെടുത്തലുകളെത്തുടർന്ന് കേസ് എടുത്ത് അന്വേഷണം നടത്തുകയുണ്ടായോ;

(ഡി) ചീഫ് വിപ്പ് വാർത്താസമ്മേളനം നടത്തി വെളിപ്പെടുത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു;

(ഇ) ആരോപണങ്ങൾ വസ്തുതാപരമാണോ; അല്ലെങ്കിൽ ആരോപണം ഉന്നയിച്ച മന്ത്രിപദവിയിലുള്ളയാൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ;

(എഫ്) മന്ത്രിമന്ദിരത്തിലുണ്ടായതായി ആക്ഷേപിക്കപ്പെട്ട സംഭവങ്ങൾ സംബന്ധിച്ചു ലഭിച്ച പരാതികൾ എന്തൊക്കെയായിരുന്നു?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ</u>

55 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഈ സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ടെലിഫോൺ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് എന്ത് തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്ക് അനുവദിച്ച സൗകര്യങ്ങൾ</u>

56

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവർക്ക് വീട്, വാഹനം, ഓഫീസ്, ടി.എ, ഡി.എ, ശമ്പളം, പേഴ്സണൽ സ്റ്റാഫ് തുടങ്ങി എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്;

(ബി) പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ ചെലവ് ഉൾപ്പെടെ നൽകിയ എല്ലാ സൗകര്യങ്ങൾക്കുമായി, സംസ്ഥാനത്തെ ഓരോ മന്ത്രിയ്ക്കും, ഗവൺമെന്റ് ചീഫ് വിപ്പിനും ഖജനാവിൽ നിന്ന് 2011–12 സാമ്പത്തിക വർഷം എന്തു തുക വീതം മൊത്തം ചെലവഴിക്കുകയുണ്ടായി;

(സി) ഇത് 2012–13 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്രയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിയ്ക്കും മോടിപിടിപ്പിക്കലിനുമായി ചെലവഴിച്ച തുക</u>

57

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സംസ്ഥാന മന്ത്രിമാരുടെയും ചീഫ് വിപ്പിന്റെയും ഔദ്യോഗിക വസതികളുടെ അറ്റകുറ്റപ്പണിയ്ക്കും മോടിപിടിപ്പിക്കലിനുമായി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ വസതിയിലും എത്ര തവണ മോടിപിടിപ്പിക്കലും അറ്റകുറ്റപ്പണിയും നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഔദ്യോഗിക വസതിയ്ക്കായി സർക്കാർ വാടകയ്ക്കെടുത്ത കെട്ടിടത്തിൽ നടത്തിയ വർക്കുകളുടെയും വാങ്ങിയ സാധനങ്ങളുടെയും ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വിചാരണ നേരിടുന്ന മന്ത്രിമാർ</u>

58 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർ ഏതെല്ലാം കേസ്സുകളിൽ വിചാരണ നേരിടുന്നു; ഓരോ കേസ്സിന്റെയും സ്വഭാവം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ദൃശ്യമാധ്യമങ്ങൾക്ക് നൽകിയ അഭിമുഖം</u>

59 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂര്യനെല്ലി കേസിൽ സർക്കാർ നിലപാട് സംബന്ധിച്ച വിശദാംശം അറിയുന്നതിനായി ഏതെങ്കിലും ദൃശ്യമാധ്യമപ്രവർത്തകൻ ചോദ്യം ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രി ഉത്തരം നൽകാതെ ഇറങ്ങിപ്പോയ സംഭവം ഉണ്ടായിട്ടുണ്ടോ?

(ബി) ഏത് ദൃശ്യമാധ്യമ പ്രവർത്തകന് അനുവദിച്ച അഭിമുഖവേളയിലാണ് മുഖ്യമന്ത്രി മറുപടി പറയാൻ വിസമ്മതം രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പുതുതായി സൃഷ്ടിച്ച തസ്തികകള്‍</u>

60 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ ഇതുവരെ വിവിധ വകുപ്പുകളില്‍ എത്ര പുതിയ തസ്തികകള്‍ സൃഷ്ടിച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളില്‍ എത്ര പുതിയ തസ്തികകള്‍ സൃഷ്ടിച്ചുവെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വെട്ടിക്കുറച്ച തസ്തികകൾ</u>

61 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതുവരെ വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും, അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളിൽ എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

62 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏപ്രിൽ ഒന്നാം തീയതി മുതൽ സർവ്വീസിൽ പ്രവേശിക്കപ്പെടുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കുന്നതുവഴി 2013-14 വർഷത്തിൽ സർക്കാരിന് സാമ്പത്തിക ലാഭം ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തികലാഭാം ലഭിക്കുമെങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി</u>

63 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭ്യന്തര വകുപ്പും മറ്റ് സർക്കാർ വകുപ്പുകളെ പോലെ 2013 ഏപ്രിൽ മുതൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുണ്ടോ;

(ബി) സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥിര ജീവനക്കാർക്ക് ഇതിൽനിന്ന് ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പണിമുടക്കിന്റെ ഭാഗമായി സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നതു സംബന്ധിച്ച ഉത്തരവ്</u>

64 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കിന്റെ ഭാഗമായി സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുവാൻ ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) ഇപ്രകാരം എത്ര പേരെ സസ്പെന്റ് ചെയ്തിരുന്നുവെന്നും ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പേരെ സർവീസിൽ തിരികെ പ്രവേശിപ്പിച്ചുവെന്നും ജില്ലയും വകുപ്പും തിരിച്ച് പറയാമോ;

(ഡി) ഇനിയും സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ എത്ര പേരുണ്ടെന്നും അവരെ തിരികെ പ്രവേശിപ്പിക്കാതിരിക്കുന്നതിനുള്ള കാരണങ്ങളും പറയാമോ;

(ഇ) പണിമുടക്കുമായി ബന്ധപ്പെട്ട് പ്രതികാര നടപടികൾ സ്വീകരിക്കുകയില്ലെന്ന ഉറപ്പിന്റെയും ടി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ജീവനക്കാരെയും തിരികെ സർവീസിൽ പ്രവേശിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഫെബ്രുവരി മാസത്തിലെ രണ്ടു ദിവസത്തെ പൊതുപണിമുടക്ക്</u>

65 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, എന്‍. ഷംസുദ്ദീന്‍
,, കെ. എന്‍. എ ഖാദര്‍
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഫെബ്രുവരി മാസത്തിലെ രണ്ടു ദിവസ പൊതുപണിമുടക്ക് സംസ്ഥാനത്തെ ഏതു വിധത്തില്‍ ബാധിച്ചു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദവിവരം നല്‍കാമോ;

(ബി) പണിമുടക്കിനാധാരമായ കാരണങ്ങള്‍ എന്തൊക്കെയായിരുന്നു; പണിമുടക്കിലൂടെ പരിഹരിക്കാവുന്ന പ്രശ്നങ്ങളാണോ അവയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന സര്‍ക്കാര്‍ ഇടപെട്ട് പരിഹരിക്കേണ്ട പ്രശ്നങ്ങളെന്തെങ്കിലും അവയില്‍ ഉള്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തില്‍ സംസ്ഥാന സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാരുടെ പണിമുടക്ക്</u>

66

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരുടെ പണിമുടക്കില്‍ പങ്കെടുത്ത എത്ര ജീവനക്കാരാണ് സസ്പെന്‍ഷനില്‍ ആയത്; വിശദമാക്കുമോ;

(ബി) ഒത്തുതീര്‍പ്പ് വ്യവസ്ഥയനുസരിച്ച് സസ്പെന്‍ഷനിലായ എല്ലാ ജീവനക്കാരും ജോലിയില്‍ തിരികെ പ്രവേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷന്റെ പ്രവർത്തന പുരോഗതി</u>

67 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ശങ്കരൻ കമ്മീഷന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കമ്മീഷന്റെ തെളിവെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) കമ്മീഷന് ആവശ്യമായ ഓഫീസ്, വാഹനം, സ്റ്റാഫ് എന്നിവ അനുവദിച്ചിട്ടുണ്ടോ;

(ഇ) റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷന് അനുവദിച്ചിട്ടുള്ള കാലയളവ് എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് നടപടി</u>

68 ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിയമിച്ച പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് 2013-14 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം എത്ര കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>തൃശൂർ ജില്ലയിലെ പാലൃക്കരയിലെ ടോൾനിരക്ക്</u>

69

പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദൃങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എ തൃശൂർ ജില്ലയിലെ പാലൃക്കര ടോൾ പ്ലാസയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കഴിഞ്ഞ മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ് ;

ബി എടുത്ത തീരുമാനങ്ങളിൽ എന്തൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

സി മീറ്റിംഗിൽ എടുത്ത തീരുമാനങ്ങളിൽ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത് എന്താണെന്ന് വിശദമാക്കാമോ ;

ഡി കാലതാമസം ഒഴിവാക്കി ടോൾ നിരക്ക് കുറയ്ക്കുന്നതുൾപ്പെടെയുള്ള കാരൃങ്ങൾ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്ന് വൃക്തമാക്കാമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മൊബൈൽ ടെലഫോൺ ചാർജ്ജുകൾ</u>

70 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ്‌വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും മൊബൈൽ ഫോൺ ചാർജ്ജ്, ഓഫീസ്, ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ ടെലഫോൺ ചാർജ്ജ് ഇവയ്ക്കായി ചെലവഴിയ്ക്കപ്പെട്ട തുക എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>യാക്കോബായ - ഓർത്തഡോക്സ് സഭാ തർക്കം</u>

71 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാക്കോബായ - ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കാൻ നിശ്ചയിച്ച മന്ത്രിതല ഉപസമിതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ബി) ഉപസമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(സി) സമിതി രൂപവൽകരിച്ചത് എന്നാണ്; പിന്നീട് കൂടുതൽ മന്ത്രിമാരെ ചേർത്ത് വിപുലീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇതിനകം എത്രപ്രാവശ്യം സമിതി യോഗം ചേർന്നു; ഏതെല്ലാം തീയതികളിൽ; ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ഇ) സമിതിയുടെ ശ്രമഫലമായി പരിഹരിക്കപ്പെട്ട വിഷയങ്ങൾ ഏതൊക്കെയാണ്; തുടർന്ന് പരിഗണിക്കാനിരിക്കുന്ന തർക്കപ്രശ്നങ്ങൾ ഏതെല്ലാം;

(എഫ്) മന്ത്രിതല ഉപസമിതിയെ സഹായിക്കുന്നതിന് ഉദ്യോഗസ്ഥതല കമ്മിറ്റി രൂപവൽകരിച്ചിട്ടുണ്ടോ; ഇതിലെ അംഗങ്ങൾ ആരെല്ലാം; ഉദ്യോഗസ്ഥതല കമ്മിറ്റി എത്രപ്രാവശ്യം യോഗം ചേർന്നു; ഏതെല്ലാം തീയതികളിൽ; ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർ</u>

72 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ ദീർഘകാലഅവധിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥൻമാർ കേന്ദ്ര ഡെപ്യൂട്ടേഷൻ വാങ്ങിപ്പോയെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ അഖിലേന്ത്യാ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥൻമാർക്കെരിരെ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ആർക്കെല്ലാമെതിരെ എന്തു ശിക്ഷണനടപടിയാണു സ്വീകരിച്ചതെന്നും, എന്തു കാരണത്താലാണ് ശിക്ഷണനടപടി സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

## അഖിലേന്ത്യാസർവ്വീസിലെ ഉദ്യോഗസ്ഥരും പങ്കാളിത്ത പെൻഷനും

73

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ ;

ബി അവരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷനായി എന്തു തുക ഇതേവരെ പിടിച്ചിട്ടുണ്ട് ;

സി സംസ്ഥാന വിഹിതമായി എന്തു തുക നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനകേസ്സുകൾക്കായി ഫാസ്റ്റ് ട്രാക്ക് കോടതികൾ</u>

74 ശ്രീ. പാലോട് രവി
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ പീഡനക്കേസുകൾ കാര്യക്ഷമമായും വേഗത്തിലും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) അത്തരം കേസ്സുകളുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) എവിടെയെല്ലാമാണ് പ്രസ്തുത കോടതികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മട്ടന്നൂർ കേന്ദ്രമാക്കി മുൻസിഫ് കോടതി</u>

75 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13.07.2004 ലെ ജി.ഒ. (ആർ.റ്റി)നം 1642/04/ഹോം (സി) വകുപ്പിന്റെ ഉത്തരവുപ്രകാരം സംസ്ഥാനത്ത് എത്ര മുൻസിഫ് കോടതികൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട കോടതികൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരവും ഇതു സംബന്ധിച്ച് ബഹു:ഹൈക്കോടതി തയ്യാറാക്കിയിട്ടുള്ള മുൻഗണനാ പട്ടികപ്രകാരവും മട്ടന്നൂരിൽ അനുവദിച്ചിട്ടുള്ള മുൻസിഫ് കോടതി മുൻഗണനാപട്ടികയിൽ എത്രാം സ്ഥാനത്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മട്ടന്നൂർ മുൻസിഫ് കോടതി ആരംഭിക്കുന്നതിന് പശ്ചാത്തലസൗകര്യങ്ങൾ ലഭ്യമാക്കാമെന്ന ജനപ്രതിനിധികളുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ മട്ടന്നൂർ കേന്ദ്രമാക്കി മുൻസിഫ് കോടതി ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ശാസ്ത്രസാങ്കേതിക നയം</u>

76 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ശാസ്ത്രസങ്കേതിക നയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനങ്ങൾക്ക് പ്രയോജനപ്രദമായ കാര്യങ്ങൾ പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത നയം നടപ്പാക്കുന്നതിന് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് തസ്തിക</u>

77 ശ്രീ. അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ലക്ചറർ തസ്തികയിലേക്കുള്ള റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ

78 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവവൈവിധ്യം സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത രജിസ്റ്ററുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നറിയിക്കുമോ;

(സി) പ്രസ്തുത രജിസ്റ്ററിൽ എന്തെല്ലാം വിവരങ്ങളാണ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വനമേഖലകളല്ലാത്ത പരിസ്ഥിതി ദുർബലപ്രദേശങ്ങൾ</u>

79

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എ) വനമേഖലകളല്ലാത്ത ഏതെല്ലാം ഭൂപ്രദേശങ്ങളാണ് സംസ്ഥാനത്ത് പരിസ്ഥിതി ദുർബലപ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്നതിന്റെ ജില്ല, താലൂക്ക്, റവന്യൂ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

ബി) ഒരു ഭൂപ്രദേശം പരിസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

സി) ഒരു ഭൂപ്രദേശം പരിസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥതല സമിതികളും സംവിധാനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

ഡി) ഇതു സംബന്ധിച്ച് ജനങ്ങൾക്കുള്ള പരാതികളും നിർദ്ദേശങ്ങളും കൈകാര്യം ചെയ്യുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

**കോട്ടൂളി, വേങ്ങേരി എന്നീ വില്ലേജുകളിലെ തണ്ണീർത്തടങ്ങളെ സംബന്ധിച്ച് പഠനം**

80 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ കോട്ടൂളി, വേങ്ങേരി എന്നീ വില്ലേജുകളിലെ ജൈവവൈവിദ്ധ്യവും കണ്ടൽക്കാടുകളുമടങ്ങുന്ന തണ്ണീർത്തടങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനറിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) പഠനം നടത്തിയിട്ടില്ലെങ്കിൽ, പ്രസ്തുതപഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മലബാറിൽ ഭൗമപഠന/നിരീക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി.</u>

81 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൗമപഠന നിരീക്ഷണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് സ്ഥിതിചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മലബാർ പ്രദേശത്ത് പ്രസ്തുത കേന്ദ്രം നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലബാർ പ്രദേശത്ത് ഭൂചലനങ്ങളും ഉരുൾപെട്ടലും അനുഭവപ്പെടുന്ന സാഹചര്യത്തിൽ മലബാർ കേന്ദ്രീകരിച്ച് ഭൗമപഠന കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

'സംസ്ഥാന ജീവനക്കാരുടെ ദീർഘകാല അവധി'

82 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി ഇപ്പോൾ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇപ്പോൾ ദീർഘകാല അവധിയിലുള്ള ജീവനക്കാരുടെയെണ്ണം വകുപ്പുതിരിച്ച് അറിയിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് അവധിയിലുള്ള കാലത്തെ സീനിയോറിറ്റി പുന:സ്ഥാപിച്ച് നൽകാറുണ്ടോ;

(ഇ) ഇതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളുടെ വിശദാംശം അറിയിക്കുമോ;

(എഫ്) ദീർഘകാല അവധിയിലുള്ള ജീവനക്കാർക്ക് പകരം നിയമനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ജി) ദീർഘകാല അവധി കഴിഞ്ഞ് യഥാസമയം ഹാജരാകാത്ത ജീവനക്കാർക്കെതിരെ സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ വിശദമാക്കുമോ;

(എച്ച്) അപ്രകാരം ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള ശിക്ഷാനടപടികൾ എത്രയെന്ന് വകുപ്പ് തിരിച്ച് തസ്തിക സഹിതം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ആശ്രിതനിയമനമാനദണ്ഡങ്ങൾ</u>

83 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആശ്രിത നിയമനത്തിന് നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത നിയമനം സംബന്ധിച്ച് ഇപ്പോൾ നിലവിലിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം എത്ര പേർക്ക് സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

വില്ലേജ് എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ റാങ്ക് ലിസ്റ്റ്
(എറണാകുളം ജില്ല)

84 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എറണാകുളം ജില്ലയിലെ വില്ലേജ് എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ തസ്തികയിലേക്ക് പി.എസ്.സി. ഇറക്കിയ റാങ്ക് ലിസ്റ്റില്‍ നിന്നും ഇതിനോടകം എത്രപേരെ അഡൈ്വസ് ചെയ്തു; അതില്‍ എത്ര പേര്‍ക്ക് നിയമനം ലഭിച്ചു; നിലവില്‍ എത്ര ഒഴിവുകളാണ് റിപ്പോര്‍ട്ട് ചെയ്ത് പി.എസ്.സി.ക്ക് ലഭിച്ചിട്ടുള്ളത്; ഈ ലിസ്റ്റ് നിലവില്‍ വന്നത് എന്നാണെന്നും എന്നാണ് ഇതിന്റെ കാലാവധി തീരുന്നതെന്നും വ്യക്തമാക്കാമോ; സൂപ്പര്‍ ന്യൂമറി പോസ്റ്റുകളിലേയ്ക്ക് ഈ ലിസ്റ്റില്‍ നിന്നും നിയമനങ്ങള്‍ നടത്തിയോ എന്നും എത്ര നിയമനം ഇപ്രകാരം നടത്തിയെന്നും അറിയിക്കാമോ ;

(ബി) പെന്‍ഷന്‍ പ്രായം 56 ആക്കിയതിനെത്തുടര്‍ന്ന് എറണാകുളം ജില്ലയിലെ വി.ഇ.ഒ. റാങ്ക് ലിസ്റ്റ് കാലാവധി ദീര്‍ഘിപ്പിച്ചിട്ടുണ്ടോ ; എങ്കില്‍ ഏതുവരെ ; ഇല്ലെങ്കില്‍ അത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി</u>

85 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ എൽ.ജി.എസ്, എൽ.ഡി.സി തസ്തികകളിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ മാതൃജില്ലയിലേക്ക് മടങ്ങിപ്പോകുമ്പോൾ അവർക്ക് നിലവിലുള്ള സീനിയോറിറ്റി ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സീനിയോറിറ്റി ലഭിക്കുന്നത് സംബന്ധിച്ച് പി.എസ്.സി എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്നതിന് നടപടി

86 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആഫീസുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിക്കാറുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഒഴിവുകൾ സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ ഒഴിവുകൾ</u>

87 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് 16.07.2011-ൽ നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയുടെ ലിസ്റ്റ് എന്നത്തേയ്ക്കു പ്രസിദ്ധീകരിക്കാൻ സാധിക്കു മെന്നറിയിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ഏറ്റവുമൊടുവിൽ നിയമനം നടത്തിയത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത റൊട്ടേഷന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) 1996-നുശേഷം പ്രസ്തുത തസ്തികയിലേക്ക് പ്രമോഷൻ വ്യവസ്ഥയിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(എഫ്) പ്രസ്തുത തസ്തികയിലേക്ക് നേരിട്ടു നിയമനം നൽകുന്നതിന് പി.എസ്.സി. പാലിക്കുന്ന അനുപാതം എത്രയാണ്; വിശദാംശം നൽകുമോ;

(ജി) പ്രസ്തുത തസ്തികയിലേക്ക് മുൻപുണ്ടായിരുന്ന ലിസ്റ്റിൽ നിന്ന് ബാക്ക്‌ലോഗ് അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഏതെല്ലാം വിഭാഗത്തിനാണ് ബാക്ക്‌ലോഗ് അടിസ്ഥാനത്തിൽ നിയമനത്തിന് അർഹതയുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

എസ്.ഐ. പരീക്ഷയുടെ കായികക്ഷമതാ പരീക്ഷയിൽ ക്രമക്കേട് നടന്നതായ ആക്ഷേപം

88 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തിയ എസ്.ഐ. പരീക്ഷയുടെ കായിക ക്ഷമതാ പരീക്ഷയിൽ വ്യാപകമായ ക്രമക്കേട് നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതേക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പത്രങ്ങളിൽ വന്ന കോഴവിവാദം സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പല ഗ്രൗണ്ടുകളിലും പല മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഉദ്യോഗസ്ഥർ സെലക്ഷൻ നടത്തിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഇ) പരാതിക്കാർക്കായി വീണ്ടും പരീക്ഷ നടത്താൻ ആലോചിക്കുന്നുണ്ടോ ;

(എഫ്) പരാതികളുടെ അടിസ്ഥാനത്തിൽ കായികക്ഷമതാ പരീക്ഷ വീണ്ടും നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## പോലീസ് സബ് ഇൻസ്പെക്ടർ കായികക്ഷമതാ പരീക്ഷയിലെ ക്രമക്കേട്

89 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 8 മുതൽ 31 വരെ പി.എസ്.സി നടത്തിയ പോലീസ് സബ് ഇൻസ്പെക്ടർ പരീക്ഷയിൽ ക്രമക്കേട് നടന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഒരു തസ്തികയിലേക്ക് ഒരേ നിലവാരത്തിൽ നടത്തേണ്ട വൺസ്റ്റാർ ടെസ്റ്റ് ഏതെല്ലാം ഗ്രൗണ്ടുകളിലായാണ് നടത്തിയത് എന്നറിയിക്കുമോ;

(സി) എത്ര ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രവും സമയവും തീയതിയും മാറ്റി നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) ജനുവരി 23, 30, 31 തീയതികളിൽ നടന്ന കായികക്ഷമതാ പരീക്ഷയിൽ അവസരം മാറ്റി വാങ്ങി പങ്കെടുത്തവർ എത്രയെന്നറിയിക്കുമോ;

(ഇ) ആകെ പങ്കെടുത്തവർ എത്ര; അവരിൽ വിജയിച്ചവർ എത്ര; അവരിൽ അവസരം മാറ്റി വാങ്ങിയവരിൽ എത്ര പേർ വിജയിച്ചു; വ്യക്തമാക്കുമോ;

(എഫ്) മൂന്നു കാറ്റഗറികളിൽ പരീക്ഷ നടത്തി കായികക്ഷമതാ പരീക്ഷയ്ക്ക് ഒരു അവസരം മാത്രം നൽകിയത് ഉദ്യോഗാർത്ഥികളുടെ രണ്ടവസരങ്ങൾ നഷ്ടമാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തിക മാറ്റം വഴിയുള്ള നിയമനം</u>

90 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിലും സി. എ. തസ്തികയിലും ജോലി ചെയ്യുന്നവർക്ക് അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നതിന് നിലവിലുള്ള അനുപാതം എത്രയാണ്; പ്രസ്തുത അനുപാതം എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുപാതം നിലവിൽ വന്നതിനുശേഷം ഇതുവരെഅസിസ്റ്റന്റ് എൻട്രികേഡർ തസ്തികയിൽ ഓരോ കലണ്ടർ വർഷത്തിലും പൊതുഭരണ വകുപ്പിൽ വന്ന ഒഴിവുകൾ എത്രയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിൽ നിലവിലുള്ള അനുപാതത്തിൽ എത്ര ടൈപ്പിസ്റ്റുമാർക്കും സി.എ. മാർക്കും ഓരോ കലണ്ടർ വർഷവും ഇതുവരെ നിയമനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ;

(ഡി) പ്രസ്തുത അനുപാതം നിലവിൽ വന്നതിനുശേഷം ഇതുവരെ അന്തർ വകുപ്പു സ്ഥലം മാറ്റം വഴി പൊതുഭരണ വകുപ്പിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ജീവനക്കാരുടെ പേരും നിയമന ഉത്തരവിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഗ്രൂപ്പ് (സി) തസ്തികകളിലേക്ക് പ്രമോഷൻ സംവരണത്തിന് നടപടി</u>

91 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതാത് വകുപ്പുകളിലെ ഗ്രൂപ്പ് (സി) തസ്തികകളിലേക്ക് നിശ്ചിത ശതമാനം പ്രമോഷൻ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പി. എസ്. സി. പരീക്ഷകളുടെ ഓൺലൈൻ നടത്തിപ്പ്</u>

92 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്.സി പരീക്ഷകൾ ഓൺലൈനായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ ആയതിലേക്കായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എന്ന് മുതലാണ് പ്രസ്തുത പരീക്ഷാ രീതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ഡി) ആദ്യഘട്ടത്തിൽ അപേക്ഷകരുടെ എണ്ണം കുറവുള്ള തസ്തികകളിലേക്ക് ഓൺലൈനായി പരീക്ഷ നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പി.എസ്.സി പരീക്ഷാസമ്പ്രദായ നവീകരണം.</u>

93 ശ്രീ. ചിററയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) പരീക്ഷാ നടത്തിപ്പിന് ഓൺ–ലൈൻ സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ, ആയതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പി. എസ്. സി വഴിയുള്ള നിയമനങ്ങൾ</u>

94 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ</u>

95 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പി.എസ്.സി മുഖേന എത്ര പേർക്ക് നിയമനം ലഭിച്ചെന്ന് വിശദമാക്കാമോ;

(ബി) പല വകുപ്പുകളിലും ഒഴിവു വന്ന തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ 5% വെയിറ്റേജ്</u>

96 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി വഴിയുള്ള നിയമനങ്ങളിൽ, ഗ്രൂപ്പ് സി, ഡി തസ്തികകളിൽ അതാത് ജില്ലക്കാർക്ക് 5% വെയിറ്റേജ് മാർക്ക് നൽകുന്ന സമ്പ്രദായം കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിധിക്കെതിരെ സുപ്രീം കോടതിയിൽ സർക്കാർ അപ്പീൽ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഹൈക്കോടതി തീരുമാനത്തിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ</u>

97 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2013 ഫെബ്രുവരി വരെ പി.എസ്.സി. വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട് ;

(ബി) 2012-2013 സാമ്പത്തിക വർഷത്തിൽ എത്ര ജീവനക്കാർ വിരമിച്ചിട്ടുണ്ട് ; 2013-2014 സാമ്പത്തിക വർഷത്തിൽ എത്ര ജീവനക്കാർ വിരമിക്കാനുണ്ട് ;

(സി) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ആയി ഇപ്പോൾ എത്ര പി.എസ്.സി. മെയിൻ ലിസ്റ്റകളും ഷോർട്ട് ലിസ്റ്റുകളും നിലവിലുണ്ട്; പ്രസ്തുത ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കൽ

98 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പി.എസ്.സി. ലിസ്റ്റുകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരത്തിൽ ലിസ്റ്റ് ദീർഘിപ്പിക്കുന്നത് മൂലം എത്ര ഉദ്യോഗാർത്ഥികൾക്ക് അധികമായി ജോലി നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പി.എസ്.സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ</u>

99 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം കൂടി നീട്ടാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) എത്ര റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് ഇതുപ്രകാരം നീട്ടാൻ ഉദ്ദേശിക്കുന്നത് ;

(സി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം</u>

100 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിലവിൽ എത്ര ഒഴിവുകൾ വിവിധ വകുപ്പുകളിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത തസ്തികയിലേക്കുളള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

**പി.എസ്.സി. നടത്തിയ കെ.എസ്.ഇ.ബി മസ്ദൂര്‍ പരീക്ഷയുടെ ഫലം**

101 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി.എസ്.സി. നടത്തിയ കെ.എസ്.ഇ.ബി. മസ്ദൂര്‍ പരീക്ഷയുടെ ഫലം എന്നത്തേക്ക് പ്രസിദ്ധപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും പ്രസ്തുത തസ്തികയില്‍ എത്ര ഒഴിവുകള്‍ വീതം പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ പി.എസ്.സി നിയമനങ്ങൾ

102 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നല്കിയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) അഡ്വൈസ് മെമ്മോ നല്കിയവർക്കെല്ലാം ഇതിനകം നിയമനം നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്</u>

103 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനത്തിനായി പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവില്‍ വന്നത് എന്നാണ് ;

(ബി) പ്രസ്തുത ലിസ്റ്റില്‍ നിന്ന് നാളിതുവരെ എത്ര പേര്‍ക്ക് നിയമനം നല്‍കിയിട്ടുണ്ട് ;

(സി) നിലവില്‍ എത്ര ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാ ധനസഹായം</u>

104 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിൽസാധനസഹായമായി ഈ സർക്കാർ നാളിതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തുക ജില്ല തിരിച്ച് വ്യക്തമാക്കുമോ; ആയതിൽ പാലക്കാട് ജില്ലയിൽ ഓരോ നിയോജക മണ്ഡലത്തിലും അനുവദിച്ചത് എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ;

(സി) ചികിൽസാധനസഹായം അനുവദിച്ചുകഴിഞ്ഞാൽ മാസങ്ങൾ കഴിഞ്ഞാണ് പ്രസ്തുത തുക അപേക്ഷകർക്ക് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ചികിൽസയ്ക്ക് പണമില്ലാതെ ബുദ്ധിമുട്ടുന്ന രോഗികൾക്ക് സർക്കാർ അനുവദിക്കുന്ന തുക എത്രയും വേഗം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) ചികിൽസാ ധനസഹായം വിതരണം ചെയ്യുന്നതിന് പരിചയസമ്പന്നരും സേവന സന്നദ്ധരുമായ ഉദ്യോഗസ്ഥരെ കലക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും നിയമിക്കുമോ; വിശദമാക്കുമോ;

(എഫ്) നിലവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ എന്തു തുക അവശേഷിക്കുന്നുവെന്നറിയിക്കുമോ;

(ജി) ദുരിതാശ്വാസനിധി സ്വരൂപിക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വ്യക്തികൾക്ക് പ്രതിഫലം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകൾ</u>

105 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും ധനസഹായം അനുവദിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട ധനസഹായം ലഭ്യമാക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇക്കാലയളവിൽ നിരസിക്കപ്പെടുകയുണ്ടായി എന്നറിയിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 2012 –13 –ൽ സമാഹരിച്ച തുക</u>

106 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 2012 –13 സാമ്പത്തികവർഷം സംഭാവന ഇനത്തിൽ എന്തു തുകയാണ് സമാഹരിക്കാൻ കഴിഞ്ഞതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ സഹകരണ മേഖലയിൽ നിന്ന് ലഭിച്ച തുക

107 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സഹകരണമേഖലയിൽനിന്ന് വിവിധ സ്ഥാപനങ്ങൾവഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് എത്ര രൂപയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ചികിത്സാ ധനസഹായം വിതരണം ചെയ്യാൻ നടപടി</u>

108 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും തൃശ്ശൂർ ജില്ലയിൽ ആയത് വിതരണം ചെയ്തിട്ടില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) അനുവദിക്കപ്പെട്ടിട്ടുള്ള ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് വയനാട് ജില്ലയിൽ അനുവദിച്ച തുക

109 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നടപ്പുസാമ്പത്തികവർഷം വയനാട് ജില്ലയിൽ അനുവദിച്ച തുകയുടെ താലൂക്കുതലവിശദാംശം ലഭ്യമാക്കുമോ;

(ബി) അനുവദിച്ച തുകയിൽ എത്ര തുക ഇതിനകം വിതരണം ചെയ്തു എന്നതിന്റെ താലൂക്കുതലവിശദാംശം ലഭ്യമാക്കുമോ;

(സി) സഹായധനം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്
കാസർഗോഡ് ജില്ലയിൽ അനുവദിച്ച തുക</u>

110 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കാസർഗോഡ് ജില്ലയിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടിയുള്ള സമരങ്ങൾ</u>

111 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി കാസർഗോഡ് ജില്ലയിൽ ഇടയ്ക്കിടെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നിരാഹാര സത്യാഗ്രഹമുൾപ്പെടെയുള്ള സമരങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻഡോസൾഫാൻ ദുരിത ബാധിതരെ പൂർണ്ണ തോതിൽ സർക്കാർ സഹായിക്കാത്തതാണോ പ്രസ്തുത സമരങ്ങൾക്കു കാരണമായിട്ടുള്ളത്;

(സി) പ്രസ്തുത സമരങ്ങളുടെ പിന്നിൽ മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന നിരാഹാര സമരം</u>

112 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന നിരാഹാര സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമരം അവസാനിപ്പിക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വരൾച്ചാദുരിതം പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുള്ള പാക്കേജ്</u>

113 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാദുരിതം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ എത്ര കോടി രൂപയുടെ പാക്കേജാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ വൈദ്യുതപദ്ധതികൾ പുനരുജ്ജീവിപ്പിക്കുവാൻ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;ഇതിനായി എത്ര കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വരൾച്ചാനാശനഷ്ടം വിലയിരുത്തുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് വിദഗ്ദ്ധസംഘം കേരളം സന്ദർശിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ വരൾച്ചാ ദുരിത പരിഹാരത്തിനായി പ്രത്യേക പാക്കേജ്

114 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാകാത്തതിനാൽ പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ കൃഷി നാശം ഉണ്ടാകുന്നതും കന്നുകാലികൾ ചത്തൊടുങ്ങുന്നതുമായ സ്ഥിതി വിശേഷം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി എന്തെങ്കിലും പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ സമയബന്ധിതമായി പ്രസ്തുത പാക്കേജ് നടപ്പിലാക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

പറമ്പിക്കുളം – ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് നടപടി

115 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം – ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലത്തിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കരാർ പ്രകാരം ഈ വർഷം കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് എത്രയായിരുന്നു ;

(സി) കേരളത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>പറമ്പിക്കുളം – ആളിയാർ കരാർപ്രകാരമുള്ള ജലം ലഭ്യമാക്കുവാൻ നടപടി</u>

116 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം–ആളിയാർ കരാർപ്രകാരം കേരളത്തിനു ലഭിക്കാനുള്ള ജലം ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കരാർ അനുസരിച്ച് ചാലക്കുടിപ്പുഴയിലെ കേരള ഷോളയാറിൽ തമിഴ്നാട് വെള്ളം നിറയ്ക്കാത്തത് വൈദ്യുതി ഉൽപ്പാദനത്തേയും കുടിവെള്ള ലഭ്യതയേയും ജലസേചനത്തേയും ഗുരുതരമായി ബാധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?